പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3140 21.06.2013-ൽ മറുപടിക്ക്.

## ജൈവവൈവിധ്യ രജിസ്റ്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.അച്ചുതൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വർക്കല കഹാർ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | പഞ്ചായത്തുകളിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തത്; | (എ) | എല്ലാ പഞ്ചായത്തുകളും തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ 70,000/- രൂപ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുവേണ്ടി വകയിരുത്തി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ശാസ്ത്രസാങ്കേതിക സഹായം വിനിയോഗിച്ച് രജിസ്റ്റർ തയ്യാറാക്കുകയാണ് ചെയ്യുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2011 ലെ 63664/ഡി.എ1/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പി.ബി.ആർ തയ്യാറാക്കൽ നിർബന്ധിത പദ്ധതിയാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതതു പ്രദേശത്തെ ജൈവ വൈവിധ്യത്തിന്റേയും, ജൈവവിഭവങ്ങളുടേയും ബന്ധപ്പെട്ട നാട്ടറിവുകളുടേയും വിവരങ്ങൾ ജനകീയമായി രേഖപ്പെടുത്തി സൂക്ഷിക്കുക എന്നുള്ളതാണ് പി.ബി.ആർ തയ്യാറാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. രജിസ്റ്റർ തയ്യാറാക്കിയശേഷം അതുമായി ബന്ധപ്പെട്ട് സാധ്യമായ ജൈവ വൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്: | (സി) | ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിലാണ് പി.ബി.ആർ തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി രൂപീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് 978 ഗ്രാമ പഞ്ചായത്തുകളിൽ 2013 വരെ 670 പഞ്ചായത്തുകളിൽ പി.ബി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 401 പി.ബി.ആറുകളാണ് ഈ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ആഫീസർ